LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ എം.എൽ.എ.-ക്ക് സാധിച്ചില്ല. എന്നാൽ തുടർച്ചയായ മൂന്നാം ദിവസവും ഈ സബ്മിഷൻ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചതിനെ വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ കാണുന്നത്. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയാണ് കായലിനുകുറുകെ ബണ്ട് നിർമ്മിച്ചത്. 2011-ൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതോടുകൂടി ബണ്ട് പൊളിച്ചുനീക്കേണ്ട ചുമതലയും റെയിൽവേയ്ക്കായിരുന്നു. അക്കാര്യത്തിൽ റെയിൽവേ ഉദാസീനതയും വീഴ്ചയുമാണ് വരുത്തിയിട്ടുള്ളത്. ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അടിയന്തര ഇടപെടലുണ്ടായി. ശ്രീ. ടി. ജെ. വിനോദ് സൂചിപ്പിച്ചതുപോലെ, വ്യവസായ വകുപ്പുമന്ത്രി ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവന്ന സമയത്തുതന്നെ ഇറിഗേഷൻ വിഭാഗം സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് നൽകിയതിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചു. അതിന്റെ ഉത്തരവാദിത്തം റെയിൽവേയ്ക്കാണെന്നുള്ളതുകൊണ്ടും അവർ ഇക്കാര്യത്തിൽ ഉദാസീനത നിലനിർത്തുന്നുവെന്നതുകൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഈ വിഷയം നിൽക്കുന്നതുകൊണ്ടും കാലതാമസം നേരിടേണ്ടിവന്നു. എന്നാൽ 29-7-2021-ൽ കോടതിയുടെ പരിഗണനയ്ക്കായി വന്ന ഈ കേസ് 5-8-2021-ലേയ്ക്ക് മാറ്റി വച്ചിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കേസ് എന്ന രീതിയിൽ സ്വാഭാവികമായും റെയിൽവേ ഇത് പൊളിച്ചുമാറ്റണമെന്നുള്ള നീതിപൂർവ്വമായ സമീപനമുണ്ടാകുമെന്നതന്നെയാണ് കരുതുന്നത്. ഇതിലെ പ്രധാന വിഷയം, ഇത് വലിയ തോതിൽ പെരിയാറിലെ വെള്ളപ്പൊക്കത്തിന് കാരണമാകുന്നുണ്ട് എന്നതാണ്. തന്മൂലം ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അത് കോടതി നിരീക്ഷിക്കുമെന്നാണ് കരുതുന്നത്. വരുംകാലങ്ങളിൽ ഇതിന്റെ പേരിൽ ഒരു ബുദ്ധിമുട്ടുമുണ്ടാകാതെ ഗവൺമെന്റ് നിരീക്ഷിക്കും. കോടതിവിധി വരുന്നമുറയ്ക്ക് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ വിഷയം ഭാവിയിലുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) ബി.ഐ.എസ്. അംഗീകാരം

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിലെ റബ്ബർ കർഷകർ വിലത്തകർച്ചമൂലം ഗുരുതര പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബി.ഐ.എസ്.) അംഗീകാരം നൽകാനുമുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം കർഷകർക്ക് ആശ്വാസം പകരുന്നതിനു പകരം റബ്ബർമേഖലയ്ക്ക് കനത്ത പ്രഹരമേൽപ്പിക്കുന്ന നടപടിയാണ്. ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനുള്ള ഏക നിയമതടസം ബി.ഐ.എസ്. സർട്ടിഫിക്കേഷനില്ലെന്നുള്ളതാണ്. ഈ കടമ്പ മറികടക്കാൻ ചിരട്ടപ്പാലിന് ബി.ഐ.എസ്. അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

നൽകാനുള്ള യോഗം കേന്ദ്ര സർക്കാർ വിളിച്ചിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് നിർദ്ദേശിച്ചതനുസരിച്ചാണ് യോഗം ചേരാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനുപരിയായി രാജ്യത്തിന്റെ ആരോഗ്യരംഗത്ത് വലിയ ഭവിഷ്യത്തുകൾ നേരിടുന്ന സാഹചര്യമാണുള്ളത്. ചിരട്ടപ്പാലിൽ അഴുകിയ രോഗാണുക്കളും സൂക്ഷ്മജീവികളും ഫംഗസുകളും അടിഞ്ഞുകൂടുന്നതിനാൽ പകർച്ചവ്യാധികൾക്കും മാരകരോഗങ്ങൾക്കും ഇത് കാരണമാകും. ഇക്കാരണത്താലാണ് തായ്ലാൻഡ് ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ ഇറക്കുമതി നിരോധിച്ചത്. അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നത് നിയമപരമായി കർശനമായി നിയന്ത്രിച്ചിട്ടുള്ള നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച് കോവിഡ് മഹാമാരിക്കെതിരെ ലോകം മുഴുവൻ പോരാട്ടം നടത്തുമ്പോൾ, കൂടുതൽ രോഗങ്ങൾക്ക് കാരണമാകുന്ന ഇത്തരം നീക്കം രാജ്യതാൽപ്പര്യത്തിനെതിരാണ്. മാത്രമല്ല, ഇത്തരം ഉല്പന്നങ്ങളുടെ ഇറക്കുമതി അന്താരാഷ്ട്ര ഉടമ്പടികളുടെ നഗ്നമായ ലംഘനവുമാണ്. നമ്മുടെ രാജ്യത്തെ റബ്ബർ കൃഷിയുടെ 90 ശതമാനവുമുള്ള കേരളത്തെയാണ് ഇത് ഏറ്റവുമധികം ബാധിക്കുന്നത്. ഒരു കിലോ റബ്ബർ ഉല്പാദിപ്പിക്കാൻ 170 രൂപയിലധികം ചെലവുള്ളപ്പോൾ ചിരട്ടപ്പാലിന് പകുതിയിൽ താഴെ വിലയ്ക്ക്, അതായത് 60-70 രൂപയ്ക്ക് വിൽക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകും. കേരളത്തിലെ റബ്ബർ കൃഷി പ്രതിസന്ധിയിലാകുമെന്നുമാത്രമല്ല, ഇതിനെമാത്രം ആശ്രയിച്ചു കഴിയുന്ന പന്ത്രണ്ട് ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരെ ഇത് സാരമായി ബാധിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ റബ്ബർ കൃഷിയെ സംരക്ഷിക്കാനും മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും ഹാനികരമായ രോഗാണുവ്യാപനത്തിന് വഴിവയ്ക്കുന്ന ദുരന്തങ്ങളൊഴിവാക്കാനും ചിരട്ടപ്പാൽ ഇറക്കുമതി തടയണം. ഇതിനായി സംസ്ഥാന സർക്കാർ ഉടൻതന്നെ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കപ്പ് ലമ്പ് റബ്ബർ എന്നറിയപ്പെടുന്ന ചിരട്ടപ്പാലിന് നാളിതുവരെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബി.ഐ.എസ്.) ഗുണനിലവാരം നിശ്ചയിച്ചിട്ടില്ല. ചിരട്ടപ്പാൽ റബ്ബർ ഇറക്കുമതി പാടില്ലെന്നാവശ്യപ്പെട്ട് കേന്ദ്ര വാണിജ്യകാര്യ മന്ത്രിക്ക് സംസ്ഥാന സർക്കാർ 2018 മാർച്ച് മാസം 9-ാം തീയതിതന്നെ നിവേദനം നൽകിയിരുന്നു. ചിരട്ടപ്പാൽ റബ്ബറിൽ മാലിന്യങ്ങൾ അടങ്ങിയിരിക്കാൻ സാധ്യതയുള്ളതിനാൽ ചിരട്ടപ്പാൽ റബ്ബറിന്റെ ഇറക്കുമതി രാജ്യത്ത് രോഗങ്ങൾ വരുത്തിവയ്ക്കുക മാത്രമല്ല ഉൽപ്പന്നങ്ങളുടെ ഗുണമേന്മയേയും ബാധിക്കുമെന്നുള്ള കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ചിരട്ടപ്പാൽ റബ്ബർ ഗുണനിലവാരം നിശ്ചയിച്ചാൽ അത് വലിയ തോതിലുള്ള ചിരട്ടപ്പാൽ ഇറക്കുമതിക്ക് വഴിവയ്ക്കുകയും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചിരട്ടപ്പാൽ റബ്ബറിന്റെ വിലയിടിവിന്

LIBRARY ARCHIVES Kerala Legislative Assembly

കാരണമാകുകയും ചെയ്യും. ചിരട്ടപ്പാൽ റബ്ബറിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് അംഗീകാരം നൽകുന്നതു സംബന്ധിച്ച വിഷയം 29-7-2021-ലെ മീറ്റിംഗിൽ അജണ്ടയായി ഉൾപ്പെട്ടിട്ടില്ലെന്ന് റബ്ബർ ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ റബ്ബർ ഉല്പന്നങ്ങളുടെ സേഫ്റ്റി സ്റ്റാന്റേർഡ് നിർണ്ണയത്തിനു വേണ്ടിയുള്ള സാങ്കേതിക കമ്മിറ്റിയായ PCD 13-ൽ റബ്ബർ ബോർഡ് പ്രതിനിധികൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയം ഗൗരവമായി കാണുമെന്ന് റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഗൗരവമായ ഈ വിഷയത്തിന്മേൽ സംസ്ഥാന സർക്കാരിന്റെയും കേരളത്തിന്റെയും ആശങ്ക കേന്ദ്ര സർക്കാരിനെ അടിയന്തരമായി വീണ്ടും അറിയിക്കുന്നതുമായിരിക്കും.

(9) ഡയറ്റിന്റെ പ്രവർത്തനം

ശ്രീ. വി ശശി: സർ, 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് 1992-ഓടുകൂടി കേരളത്തിലെ 14 ജില്ലകളിലും ജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഡയറ്റ്) ആരംഭിച്ചത്. പ്രൈമറി വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായി ഗവേഷണങ്ങൾ, പരിശീലനങ്ങൾ, പുസ്തക നിർമ്മിതി, പ്ലസ് ടു തലംവരെയുള്ള അദ്ധ്യാപകർക്ക് പരിശീലനം, വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ വ്യാപനം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് ഡയറ്റ് നേതൃത്വം നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങളും അതനുസരിച്ചുള്ള പദ്ധതികളും പരിപാടികളും ആശയങ്ങളും താഴെത്തട്ടിലെത്തിക്കുന്നതിനും നേതൃത്വം നൽകിവരുന്ന ഡയറ്റ് ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും ഈ സ്ഥാപനത്തിന് ദിശാബോധം നൽകുന്നതിനും ആവശ്യമായ സ്പെഷ്യൽ റൂൾസ് 2011-ൽ രൂപീകരിച്ചെങ്കിലും പല അനോമലികൾകാരണം അത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇതുകാരണം 13 വർഷമായി അവിടെ നിയമനങ്ങൾ നടക്കുന്നില്ല. 14 ഡയറ്റുകളിലായി ഇരുന്നൂറിൽപ്പരം ലക്ചറർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുകയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ സ്പെഷ്യൽ റൂളിലെ അനോമലി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാവുകയും ചെയ്തു. തൽക്കാലത്തേയ്ക്ക് 80 ലക്ചറർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും സാധിച്ചു. 2020-ൽ അനോമലി പരിഹരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവായി. ഇതനുസരിച്ച് 50 ശതമാനം അദ്ധ്യാപകരിൽനിന്നും ട്രെയിനർ മുഖേനയും 50 ശതമാനം പി.എസ്.സി. മുഖേന നേരിട്ടും നിയമിക്കാനുള്ള നടപടി ആരംഭിക്കാമായിരുന്നു. പക്ഷേ ഇതുവരെ അതിന്മേൽ യാതൊരു നടപടിയുമുണ്ടായില്ലെന്നാണ് അറിയാൻ സാധിച്ചത്. ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിച്ച് ആ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട നടപടി സ്വീകരിക്കണം. അദ്ധ്യാപകരെ നിയമിക്കുമ്പോൾ അവരുടെ ശമ്പള ചെലവിന്റെ